പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*257.

28.1.2014 - ൽ
മറുപടിയ്ക്ക്

## സ്വകാര്യ സർവ്വകലാശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് :<br>ശ്രീ.ജി.സുധാകരൻ :<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ :<br>ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഇല്ല. 2014 ജനുവരി 3,4,5 തീയതികളിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടന്ന ഇതര ദേശവ്യാപക വിദ്യഭ്യാസത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായുള്ള തിരുവനന്തപുരം പ്രഖ്യാപനത്തിൽ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന്റെ വിവിധ വശങ്ങളെപ്പറ്റി പഠനം നടത്താനുള്ള നിർദ്ദേശം ഉയർന്നു വന്നിരുന്നു. |
| (ബി) സ്വകാര്യ സർവ്വകലാശാലകൾക്ക് കോഴ്സ് തുടങ്ങുന്നതിന് സർക്കാർ കോളേജുകൾ വിട്ടു നൽകുന്നതിന് നീക്കം നടക്കുന്നുണ്ടോ ; | (ബി) യും (സി) യും. ഇല്ല. |
| (സി) വിദേശ സർവ്വകലാശാലകളുടെ അന്താരാഷ്ട്ര കോഴ്സുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | |
| (ഡി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതും വിദേശ സർവ്വകലാശാലകൾക്ക് കോഴ്സ് നടത്തുന്നതിന് അനുമതി നൽകുന്നതും സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ? | (ഡി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.